(ഡി) പത്താം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ മൊത്തം 4476.10 കോടി രൂപയാണ് വകയിരുത്തിയത്.

(ഇ) പത്താം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിൽ കൃഷിക്ക് 319.28 കോടി രൂപയും ഊർജ്ജത്തിന് 610.00 കോടി രൂപയും വ്യവസായത്തിന് 210.39 കോടി രൂപയുമാണ് വകയിരുത്തിയത്.

(എഫ്) കണക്കുകൾ ലഭ്യമല്ല.

ധനവിഹിതം വർദ്ധിപ്പിക്കാൻ 12-ാം ധനകാര്യ കമ്മീഷന് നിവേദനം

3 [4741] ശ്രീ. മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനവിഹിതം സംബന്ധിച്ച് 12-ാം ധനകാര്യ കമ്മീഷനുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് എന്നുമുതലാണ് നിലവിൽ വരുന്നത്;

(സി) സംസ്ഥാനങ്ങൾക്ക് വിഹിതം നിശ്ചയിക്കുന്നതിൽ ധനകാര്യ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് ദോഷകരമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് ധനവിഹിതം വർദ്ധിപ്പിച്ച് നൽകണം എന്ന് കാണിച്ച് 12-ാം ധനകാര്യ കമ്മീഷന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത നിവേദനത്തിൽ പ്രധാനമായി എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല. എന്നാൽ 17-7-2003-ൽ 12-ാം ധനകാര്യ കമ്മീഷൻ ചെയർമാൻ ശ്രീ. സി. രംഗരാജനും മറ്റുരണ്ട് അംഗങ്ങളും കേരളം സന്ദർശിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി ഇക്കാര്യങ്ങളെപ്പറ്റി അനൗപചാരികമായ ചർച്ച നടത്തുകയുണ്ടായി.

(ബി) 1-4-2005 മുതൽ.

(സി) ഉണ്ട്.

(ഡി, ഇ) ഇല്ല. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly